പുഴയിൽനിന്നും വരുന്ന ഉപ്പുവെള്ളം തടയുന്നതിനായി താൽക്കാലിക ബണ്ടുകളാണ് അവിടെ സ്ഥാപിച്ചിരിക്കുന്നത്. ഇതൊരു സ്ഥിരം റഗുലേറ്ററായി നിർമ്മിക്കുന്നതിനായി സിംഗിൾ ലൈനോടുകൂടിയുള്ള ഒരു ഡിസൈൻ ഐ.ഡി.ആർ.ബി. ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. നെൽകർഷകർക്ക് ഭീഷണി നേരിടുന്ന ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള ഈ പദ്ധതി ഏറ്റവുംവേഗം നടപ്പാക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എംപ്ലോയബിലിറ്റി സെന്ററുകൾ

4 (*514) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ കണ്ടെത്തി സോഫ്റ്റ് സ്കില്ലുകൾക്ക് എംപ്ലോയബിലിറ്റി സെന്റർ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. അതോടൊപ്പം വിവിധ തൊഴിൽദാതാക്കളുമായി സഹകരിച്ച് മേൽപ്പറഞ്ഞ പ്രകാരം പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ നിലവിൽ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലായി അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം തുടങ്ങുന്ന എംപ്ലോയബിലിറ്റി സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളുടെ ഹ്യൂമൻ റിസോഴ്സ് പ്രവർത്തനങ്ങൾ പൊതുസ്വകാര്യ പങ്കാളിത്ത ത്തോടെയാണ് നടത്തുന്നത്. നിലവിൽ അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകളിൽ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ജില്ലാതലത്തിൽ എംപ്ലോയബിലിറ്റി സെന്ററുകളുടെ മേൽനോട്ടം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറും മേഖലാതലത്തിൽ മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറും നടത്തുന്നു. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് സംസ്ഥാന തലത്തിൽ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

പിന്നോക്ക വികസന വകുപ്പിന്റെ പ്രവർത്തനം

5 (*515) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ജോസഫ് വാഴക്കൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്ക വികസന വകുപ്പിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly